# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5177 — 27.06.2019 - ൽ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II നിയമനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | (കോഴിക്കോട് ജില്ല) കാറ്റഗറി നമ്പർ 665/2012 തീയതി 05-01-2017-ന് നിലവിൽ വന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് രണ്ടര വർഷം കഴിഞ്ഞിട്ടും ഒരാൾക്ക് പോലും നിയമനം നൽകാത്തത് എന്തുകൊണ്ട്; | (എ) & (ബി) | കോഴിക്കോട് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയ്ക്ക് (കാറ്റഗറി നമ്പർ 665/2012) 05.01.2017 ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്ത രണ്ട് ഒഴിവുകളും DA-Hearing Impairment വിഭാഗത്തിനുള്ളതാണ്. നിലവിലെ റാങ്ക് ലിസ്റ്റിൽ ഈ വിഭാഗം ഇല്ലാത്തതിനാൽ അടുത്ത റാങ്ക് ലിസ്റ്റിൽ നിന്നും ഈ വിഭാഗത്തെ നികത്തുന്നതിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതാണ്. |
| (ബി) | പതിമൂന്ന് ജില്ലകളിലും ശരാശരി നിയമനം നടന്നു എന്നിരിക്കെ, കോഴിക്കോട് ജില്ലയിൽ മാത്രം എന്തുകൊണ്ടാണ് നിയമനം നടക്കാത്തതെന്ന് അറിയിക്കുമോ; | | |
| (സി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിൽ പ്രൊമോഷൻ അകാരണമായി വൈകിപ്പിക്കുന്നത് എന്തുകൊണ്ട്; വ്യക്തമാക്കുമോ; | (സി) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.12.2018, 25.01.2019 എന്നീ തീയതികളിലെ ഇജി2-40/2016/ആ.വ.ഡ നമ്പർ ഉത്തരവുകൾ പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലുള്ള 233 പേർക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ ഇപ്പോൾ നിലവിലുള്ള 118 ഒഴിവുകളിൽ സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.<br>ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ ടി |

| | | | |
|---|---|---|---|
| | | | തസ്തികകളിലെ പൊതുസ്ഥലംമാറ്റത്തിന്റെ അന്തിമപട്ടിക പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. നിലവിലുള്ള ഒഴിവുകളിൽ പൊതുസ്ഥലംമാറ്റം അനുവദിച്ചതിനു ശേഷം മാത്രമേ സ്ഥാനക്കയറ്റം നൽകാൻ കഴിയുകയുള്ളൂ. |
| (ഡി) | കോഴിക്കോട് ജില്ല മെഡിക്കൽ ഓഫീസർ P.S.C. യ്ക്ക് റിപ്പോർട്ട് ചെയ്ത 7 ഒഴിവിൽ ഏതിലെങ്കിലും നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഫിസിക്കൽ ഹാന്റികാപ്പ്ഡ് (P.H)ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ P.S.C. മുഖാന്തിരം ജോലി കൊടുക്കാറുണ്ടോ; ഇവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരാണോ? | (ഡി) | കോഴിക്കോട് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയ്ക്ക് (കാറ്റഗറി നമ്പർ 665/2012) 05.01.2017 ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്ത രണ്ട് ഒഴിവുകളും DA-Hearing Impairment വിഭാഗത്തിനുള്ളതാണ്. നിലവിലെ റാങ്ക് ലിസ്റ്റിൽ ഈ വിഭാഗം ഇല്ലാത്തതിനാൽ അടുത്ത റാങ്ക് ലിസ്റ്റിൽ നിന്നും ഈ വിഭാഗത്തെ നികത്തുന്നതിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്.<br>ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട DA-Hearing Impairment, DA-Ortho എന്നീ വിഭാഗങ്ങൾ മേൽ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരാണ്. എന്നാൽ DA-Low vision വിഭാഗക്കാർ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരല്ല. |

Milan

സെക്ഷൻ ഓഫീസർ